# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഏപ്രിൽ 10**

**April 10** **2019**

*1193 മീനം 27 ബുധൻ*

# പത്രക്കുറിപ്പ് -1



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**ലോക്സഭാ ഇലക്ഷൻ 2019**

### ആകെ 1382741വോട്ടർമാർ

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ ആകെ വോട്ടർമാരുടെ എണ്ണം 1382741 ആയി ഉയർന്നു. സർവീസ് വോട്ടർമാരുടെ അന്തിമപട്ടികകൂടി തയാറായതോടെയാണ് ആകെ വോട്ടർമാരുടെ എണ്ണം വർധിച്ചത്. മണ്ഡലത്തിൽ 4154 സർവീസ് വോട്ടർമാരാണുള്ളത്. ഇതിൽ 3996 പേർ പുരുഷൻമാരും 158 പേർ സ്ത്രീകളുമാണ്. ഇതോടെ ആകെ പുരുഷൻമാരുടെ എണ്ണം 665696 ആയും സ്ത്രീകളുടെ എണ്ണം 717042 ആയും വർധിച്ചു.

(ഇലക്ഷൻ: 155/19)

### പൊതു നിരത്തുകളിലും സ്ഥലങ്ങളിലും ചുവരെഴുത്ത്: കേസെടുക്കാൻ കളക്ടറുടെ ഉത്തരവ്

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുസ്ഥലങ്ങളിലും പൊതുനിരത്തുകളിലും തെരഞ്ഞെടുപ്പ് ചിഹ്നങ്ങളും എഴുത്തുകളും പതിക്കുന്നവർക്കെതിരെ കേസെടുക്കാൻ ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവായി. 1984 ലെ പൊതുസ്വത്ത് നാശനഷ്ടപ്പെടുത്തുന്നത് സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേസെടുത്ത് വിവരമറിയിക്കാനാണ് നിർദേശം. പോലീസ് സ്റ്റേഷനുകളിലെ ഹൗസ് ഓഫീസർമാർക്കും ഹൈവേ പെട്രോൾ ടീമിനും ഇതു സംബന്ധിച്ച നിർദേശം നൽകാൻ ജില്ലാ പോലീസ് മേധാവിയെ കളക്ടർ ചുമതലപ്പെടുത്തി. എടുത്ത നടപടികളുടെയും കേസുകളുടെയും വിവര

ങ്ങൾ എല്ലാ ദിവസവും രാവിലെ 10ന് മുമ്പ് nodelofficermcc@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ അറിയിക്കണമെന്നും കളക്ടർ നിർദേശിച്ചു.

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലും ചുവരെഴുതാനും ചിഹ്നം പതിപ്പിക്കാനും പാടില്ലെന്ന് നേരത്തേ എല്ലാ രാഷ്ട്രീയ പാർട്ടികളെയും നോട്ടീസ് നൽകി അറിയിച്ചിരുന്നു. എന്നിട്ടും പൊതുസ്ഥലങ്ങൾ വികൃതമാക്കുന്ന പ്രവൃത്തികൾ തുടരുന്നതായി കാണുന്ന സാഹചര്യത്തിലാണ് കേസെടുത്ത് തുടർനടപടികൾ സ്വീകരിക്കാൻ കളക്ടർ ഉത്തരവിട്ടത്.

(ഇലക്ഷൻ: 156/19)

## സ്ഥാനാർഥികളുടെ ചെലവ് പരിശോധനയുടെ സമയപട്ടികയായി

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർഥികൾ തങ്ങളുടെ ചെലവ് വിവരങ്ങൾ ചെലവ് നിരീക്ഷകന് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള സമയപട്ടിക പ്രസിദ്ധീകരിച്ചു. ഓരോ സ്ഥാനാർഥിയും തങ്ങളുടെ ചെലവ് വിവരങ്ങൾ മൂന്നു തവണ ചെലവ് നിരീക്ഷകന് മുന്നിൽ പരിശോധനയ്ക്കായി സമർപ്പിക്കണം. കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് പരിശോധന നടക്കുക.

സമയപട്ടിക വിവരങ്ങൾ ചുവടെ (സ്ഥാനാർഥി, തീയതി, സമയം എന്നീ ക്രമത്തിൽ):

ആന്റോ ആന്റണി – ഏപ്രിൽ 11, 16, 21 തീയതികൾ. ഉച്ചയ്ക്ക് രണ്ടിന്.

വീണാ ജോർജ് – ഏപ്രിൽ 11, 16, 21 തീയതികൾ. രാവിലെ 10ന്

ഷിബു പാറക്കടവൻ – ഏപ്രിൽ 12, 17, 22 തീയതികൾ. രാവിലെ 11ന്

കെ. സുരേന്ദ്രൻ – ഏപ്രിൽ 12, 17, 22 തീയതികൾ. രാവിലെ 10 ന്

ജോസ് ജോർജ് – ഏപ്രിൽ 12, 17, 22 തീയതികൾ. വൈകിട്ട് 3 ന്.

ബിനു ബേബി – ഏപ്രിൽ 12, 17, 22 തീയതികൾ. വൈകിട്ട് 3 ന്.

രതീഷ് ചൂരക്കോട് – ഏപ്രിൽ 11, 16, 21 തീയതികൾ. രാവിലെ 11 ന്

വീണ വി. – ഏപ്രിൽ 11, 16, 21 തീയതികൾ. വൈകിട്ട് 3 ന്.

(ഇലക്ഷൻ: 157/19)

## അനുമതിയില്ലാതെ യോഗവും വാഹനപ്രചാരണവും പാടില്ല

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് മുഖ്യ വരണാധികാരി, സഹവരണാധികാരികൾ എന്നിവരുടെ അനുമതിയില്ലാതെ രാഷ്ട്രീയ പാർട്ടികൾ വിവിധ സ്ഥലങ്ങളിൽ പൊതുയോഗങ്ങളും വാഹന പ്രചാരണവും നടത്തരുതെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. ഇത്തരം നടപടികൾ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടങ്ങളുടെ ലംഘനമാണ്. ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കും. യോഗം, വാഹനപ്രചാരണ അനുമതികൾക്കായി തെരഞ്ഞെടുപ്പ് കമ്മീഷന്റെ SUVIDHA വെബ് ആപ്ലിക്കേഷൻ മുഖേന tthps://suvidha.eci.gov.in/login വഴിയോ നേരിട്ടോ ബന്ധപ്പെട്ട രേഖകൾ സഹിതം മുഖ്യ വരണാധികാരി, സഹവരണാധികാരികൾ എന്നിവർക്ക് അപേക്ഷ നൽകണം.

(ഇലക്ഷൻ: 158/19)

## പ്രചാരണ സാമഗ്രികൾ: മാർഗനിർദേശങ്ങൾ പാലിക്കണം

ലോക്സഭ തെരഞ്ഞെടുപ്പിൽ മാതൃകാ പെരുമാറ്റ ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥികളും പ്രചാരണ സാമഗ്രികൾ പ്രിന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജനപ്രാതിനിധ്യ നിയമം 1951 സെക്ഷൻ 127(എ) പ്രകാരമുള്ള താഴെ പറയുന്ന മാർഗനിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു.

പ്രിന്ററുടെയും പബ്ലിഷറുടെയും പേരും മേൽവിലാസവും രേഖപ്പെടുത്താത്ത നോട്ടീസുകളോ, ലഘുലേഖകളോ, പോസ്റ്ററുകളോ യാതൊരു കാരണവശാലും വിതരണം ചെയ്യുകയോ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉപയോഗിക്കുകയോ ചെയ്യരുത്. തെരഞ്ഞെടുപ്പ് പ്രചാരണ നോട്ടീസുകളും ലഘുലേഖകളും ഇനി പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രസിദ്ധീകരിക്കാൻ പാടുള്ളൂ. (എ) പ്രചാരണ നോട്ടീസുകൾ പബ്ലിഷ് ചെയ്യുന്ന വ്യക്തി അയാളുടെ തിരിച്ചറിയൽ സാക്ഷ്യ പത്രം തയാറാക്കി ഒപ്പുവച്ച് രണ്ട് സാക്ഷികൾ സാക്ഷ്യപ്പെടുത്തി രണ്ട് കോപ്പി വീതം പ്രിന്റർക്ക് കൈമാറണം. (ബി) അപ്രകാരം സമർപ്പിച്ച സമ്മത പത്രത്തിന്റെ ഒരു കോപ്പിയും, പ്രിന്റ് ചെയ്ത നോട്ടീസ്/ലഘുലേഖ/പോസ്റ്റർ എന്നിവയുടെ കോപ്പിയും പ്രിന്റ് ചെയ്ത് ജില്ലാ മജിസ്ട്രേറ്റിന് യഥാസമയം സമർപ്പിക്കണം. 3. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്, സ്ഥാനാർഥികളുടെ പ്രചാരണത്തിനോ, എതിർ സ്ഥാനാർഥികളെ ഇകഴ്ത്തുന്നതിനോ ആയി ഒറ്റയ്ക്കോ കൂട്ടായോ പ്രിന്റ് ചെയ്യുന്ന നോട്ടീസ്, ലഘുലേഖ, പരസ്യം, കൈയെഴുത്ത് പ്രതികൾ എന്നിവ തെരഞ്ഞെടുപ്പു പ്രചാരണ നോട്ടീസായി പരിഗണിക്കും. എന്നാൽ, തെരഞ്ഞെടുപ്പ് തീയതി സംബന്ധിച്ചതോ, യോഗങ്ങൾക്കുള്ള അറിയിപ്പുകളോ, തെരഞ്ഞെടുപ്പ് ഏജന്റുമാർക്കോ, പ്രവർത്തകർക്കോ ഉള്ള നിർദേശങ്ങളോ ഈ പരിധിയിൽ വരുന്നതല്ല. നിബന്ധനകൾ ലംഘിക്കുന്നത് ജനപ്രാതിനിധ്യ നിയമം 1951 പ്രകാരം ആറുമാസം തടവും 2000 രൂപ വരെ പിഴയോ, രണ്ടും കൂടിയോ ചുമത്താവുന്ന കുറ്റമാണ്. (ഇലക്ഷൻ: 159/19)

## അസംഘടിത തൊഴിലാളി ക്ഷേമ പെൻഷൻ

കേരള അസംഘടിത തൊഴിലാളി റിട്ടയേഡ് ക്ഷേമപെൻഷൻ വിതരണം ഈ മാസം മുതൽ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും കേരള അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിലേക്ക് മാറ്റി. പെൻഷൻ സംബന്ധമായ ഇടപാടുകൾക്കും മറ്റ് അനുകൂല്യങ്ങൾക്കും ഇനി മുതൽ കേരള അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡുമായി ബന്ധപ്പെടണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. (പിഎൻപി 1015/19)






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ഏപ്രിൽ 10**

**April 10**

**2019**

***1193 മീനം 27 ബുധൻ***

# പത്രക്കുറിപ്പ് -2



**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**


ലോക്സഭാ ഇലക്ഷൻ 2019

**വാഹന പരിശോധനയിൽ ഒരു ലക്ഷം രൂപ പിടിച്ചെടുത്തു**

തിരുവല്ല നിയോജക മണ്ഡലത്തിൽ ഫ്ളയിംഗ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിയ വാഹന പരിശോധനയിൽ രേഖകളില്ലാതെ സൂക്ഷിച്ച ഒരു ലക്ഷം രൂപ പിടിച്ചെടുത്തു. മുത്തൂർ കാവുംഭാഗം റോഡിൽ വാഹന പരിശോധനയിലാണ് രേഖകളില്ലാത്ത പണം പിടിച്ചെടുത്തത്. കാവുംഭാഗം മൈത്രയിൽ അജിത് ഇ ജേക്കബ് എന്ന വ്യക്തിയിൽ നിന്നാണ് പണം പിടിച്ചെടുത്ത് തിരുവല്ല സബ് ട്രഷറി ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ളത്. അനധികൃത മദ്യക്കടത്ത്, പണ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് ലക്ഷ്യമിട്ടാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശപ്രകാരം ഫ്ളയിംഗ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുള്ളത്. കളക്ടറേറ്റിൽ ഇതിനോട് അനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും ആരംഭിച്ചിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് (ഒന്ന് വീതം), ഫ്ളൈയിംഗ് സ്ക്വാഡ് (മൂന്ന് വീതം), സ്റ്റാറ്റിക്സ് സർവെയിലൻസ് സ്ക്വാഡ് (മൂന്ന് വീതം), വീഡിയോ സർവൈലൻസ് സ്ക്വാഡ് (ഒന്ന് വീതം), വീഡിയോ വ്യൂവിംഗ് സ്ക്വാഡ് (ഒന്ന് വീതം) എന്നിങ്ങനെയാണ് സ്ക്വാഡുകളുടെ വിന്യാസം. കൂടുതൽ പണവുമായി യാത്ര ചെയ്യുന്നവർ മതിയായ രേഖകൾ കൈവശം വയ്ക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി.നൂഹ് അറിയിച്ചു.

(ഇലക്ഷൻ: 160/19)

## ക്രിമിനല്‍ കേസുള്ള സ്ഥാനാര്‍ഥികള്‍ പരസ്യം നല്‍കണം

ലോക്സഭാ തെരഞ്ഞെടുപ്പില്‍ മത്സരിക്കുന്ന സ്ഥാനാര്‍ഥികളില്‍ ക്രിമിനല്‍ കേസുള്ളവര്‍ ഏറ്റവും പ്രചാരമുള്ള പത്രങ്ങളിലും ടിവി ചാനലുകളിലും മൂന്നു വ്യത്യസ്ത തീയതികളില്‍ പരസ്യം നല്‍കണമെന്ന് ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി. നൂഹ് അറിയിച്ചു. പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ പ്രചാരമുള്ള പത്രങ്ങളിലും ടിവി ചാനലുകളിലുമാണ് പരസ്യം നല്‍കേണ്ടത്.

ഏറ്റവും പ്രചാരമുള്ള ഒരു പത്രത്തില്‍ മൂന്ന് തവണയോ അല്ലെങ്കില്‍ ഏറ്റവും പ്രചാര മുള്ള മൂന്ന് പത്രങ്ങളില്‍ ഒരു തവണയോ ആണ് പരസ്യം നല്‍കേണ്ടത്. ഇതേപോലെ ഏറ്റവും പ്രചാരമുള്ള ഒരു ചാനലില്‍ മൂന്ന് തവണയോ അല്ലെങ്കില്‍ ഏറ്റവും പ്രചാരമുള്ള മൂന്ന് ചാനലുകളില്‍ ഒരു തവണയോ പരസ്യം നല്‍കണം. ഫോര്‍മാറ്റ് സി 1 മാതൃകയില്‍ മലയാളത്തിലായിരിക്കണം പരസ്യം. നാമനിര്‍ദേശം പിന്‍വലിക്കാനുള്ള തീയതി കഴിഞ്ഞ് തൊട്ടടുത്ത ദിവസം മുതല്‍ വോട്ടെടുപ്പിന് രണ്ടു ദിവസം മുന്‍പായി പത്രങ്ങളില്‍ പരസ്യം പ്രസിദ്ധപ്പെടുത്തണം. ഫോണ്ട് സൈസ് 12 ആയിരിക്കണം. ഉചിതമായ സ്ഥലത്ത് വായനക്കാര്‍ കാണത്തക്ക വിധമായിരിക്കണം പരസ്യം നല്‍കേണ്ടത്.

വോട്ടെടുപ്പ് പൂര്‍ത്തിയാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയത്തിന് 48 മണിക്കൂര്‍ മുന്‍പ് ചാനലുകളില്‍ മൂന്നു വ്യത്യസ്ത തീയതികളില്‍ പരസ്യം സംപ്രേക്ഷണം ചെയ്യണം. കൃത്യമായി മനസിലാകുന്ന വലിപ്പത്തില്‍ ഏഴ് സെക്കന്റ് സമയം പരസ്യം സ്ക്രീനില്‍ തെളിയണം. പരസ്യം ചെയ്തതിന്റെ പകര്‍പ്പ്, സിഡി എന്നിവയും ചെലവ് വിവരങ്ങളും സി നാല്, സി അഞ്ച് ഫോമുകളില്‍ സമര്‍പ്പിക്കണം. (ഇലക്ഷന്‍: 161/19)

## ഹരിത തെരഞ്ഞെടുപ്പ് സന്ദേശഗാനം പുറത്തിറക്കി

ഹരിത തെരഞ്ഞെടുപ്പ് നോഡല്‍ ഓഫീസറും ജില്ലാ ശുചിത്വമിഷന്‍ കോ-ഓര്‍ഡിനേറ്ററുമായ കെ.രശ്മിമോള്‍ രചിച്ച് പ്രവീണ്‍ ശ്രീനിവാസ് സംഗീതം നല്‍കി ആലപിച്ച സന്ദേശ ഗാനം പുറത്തിറക്കി. ലോക്സഭാ തെരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി നടത്തുന്നതിന്റെ ഭാഗമായാണ് ഹരിത തെരഞ്ഞെടുപ്പ് സന്ദേശഗാനം പുറത്തിറക്കിയത്. കളക്ടറേറ്റില്‍ നടന്ന ചടങ്ങില്‍ ജില്ലാ കളക്ടര്‍ പി.ബി.നൂഹ് ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടര്‍ എന്‍.ഹരിക്ക് ഗാനത്തിന്റെ സി.ഡി നല്‍കി പ്രകാശനം ചെയ്തു. എഡിസി (പിഎ) കെ.ഇ.വിനോദ്, ജില്ലാ വനിതാ ക്ഷേമ ഓഫീസര്‍ കെ.ആര്‍.സുജാത, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസര്‍ പി.എന്‍.ശോഭന എന്നിവര്‍ പങ്കെടുത്തു.

സന്ദേശഗാനം ജില്ലയിലുടനീളം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിപാടികളില്‍ അവതരിപ്പിക്കും. (ഇലക്ഷന്‍: 162/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ഹരിത തെരഞ്ഞെടുപ്പ് സന്ദേശഗാനത്തിന്റെ സി.ഡി ജില്ലാ കളക്ടര്‍ പി.ബി.നൂഹ് ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടര്‍ എന്‍.ഹരിക്ക് നല്‍കി പ്രകാശനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ഏപ്രിൽ 10<br>April 10 | 2019 |
| --- | --- |

*1193 മീനം 27 ബുധൻ*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ ഇലക്ഷൻ 2019**

**വോട്ടർ ബോധവത്കരണവുമായി സിനിമ-**
**സീരിയൽ താരം രേണു കാമ്പസിൽ**

വോട്ടർ ബോധവത്കരണം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സിനിമ- സീരിയൽ താരവും രംഗത്ത്. ജില്ലയിലെ വോട്ടിംഗ് ശതമാനം ഉയർത്തുന്നതിനായി ബോധവത്കരണം നൽകുന്നതിനും, കന്നി വോട്ടർമാർക്ക് പ്രചോദനം നൽകുന്നതിനുമായി സിനിമാ സീരിയൽ താരമായ രേണു സൗധറാണ് കോളജുകളിൽ വിദ്യാർഥികൾക്ക് സന്ദേശവുമായി എത്തിയത്. ജനാധിപത്യ പ്രക്രിയയുടെ അടിസ്ഥാന ശിലയായ വോട്ടെടുപ്പിൽ എല്ലാവരും പങ്കാളികളാകണമെന്ന വോട്ടർ സന്ദേശം വിദ്യാർഥികളിൽ ആവേശം പകർന്നു. വോട്ടർ ബോധവത്കരണ പരിപാടിയായ സ്വീപ്പിന്റെ ഭാഗമായി കടമ്മനിട്ട മൗണ്ട് സിയോൺ എൻജിനിയറിംഗ് കോളജ്, അടൂർ എസ്എൻഐടി എൻജിനിയറിംഗ് കോളജ് എന്നിവടങ്ങളിലാണ് രേണു എത്തിയത്.

വോട്ടിന്റെ പ്രാധാന്യം സംബന്ധിച്ച പ്രതിജ്ഞ ജില്ലാകളക്ടർ പി ബി നൂഹ് വിദ്യാർഥി കൾക്ക് ചൊല്ലിക്കൊടുത്തു. കടമ്മനിട്ട മൗണ്ട് സിയോൺ എൻജിനിയറിംഗ് കോളജിൽ ഒപ്പുശേഖരണവും സംഘടിപ്പിച്ചു. സ്വീപ്പിന്റെ നേതൃത്വത്തിൽ വോട്ടെടുപ്പിന്റെ പ്രധാന്യം ജനങ്ങളിലെത്തിക്കാൻ വിവിധ കർമ്മ പരിപാടികളാണ് ജില്ലയിൽ ഉടനീളം നടപ്പാക്കി വരുന്നത്.

സ്വീപ് നോഡൽ ഓഫീസറും എഡിസി ജനറലുമായ കെ കെ വിമൽ രാജ്, സാമൂഹിക നീതി വകുപ്പ് പ്രോജക്ട് ഓഫീസർ എ ഒ അബീൻ, മൗണ്ട് സിയോൺ എൻജിനിയറിംഗ് കോളജ് പ്രിൻസിപ്പൽ ഡോ കെ. മാത്യു, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

(ഇലക്ഷൻ: 163/19)

**ഫോട്ടോ അടിക്കുറിപ്പ്**

1) സ്വീപ് വോട്ടർ ബോധവത്കരണ പരിപാടിയുടെ ഭാഗമായി കടമ്മനിട്ട മൗണ്ട്സിയോൺ എൻജിനിയറിംഗ് കോളജിൽ പ്രചാരണത്തിനെത്തിയ സിനിമാ സീരിയൽ താരമായ രേണു സൗധർ ഒപ്പ് രേഖപ്പെടുത്തുന്നു. ജില്ലാ കളക്ടർ പി.ബി. നൂഹ് സമീപം.

2) സ്വീപ് വോട്ടർ ബോധവത്കരണ പരിപാടിയുടെ ഭാഗമായി കടമ്മനിട്ട മൗണ്ട്സിയോൺ എൻജിനിയറിംഗ് കോളജിൽ വിദ്യാർഥികൾക്ക് ജില്ലാ കളക്ടർ പി.ബി. നൂഹ് പ്രതിജ്ഞ ചൊല്ലി ക്കൊടുക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**


പത്തനംതിട്ട ജില്ല
ലോക്സഭാ ഇലക്ഷൻ 2019
ഏപ്രിൽ 23
SVEEP 2019
Signature Campaign
വോട്ട് എന്റെ അവകാശം, ഞാൻ നിശ്ചയമായും വോട്ട് ചെയ്യും
പെരുമാറ്റച്ചട്ടം ഞാൻ നിർബന്ധമായും പാലിക്കും...
"നമ്മുടെ ഭാവി
നമ്മുടെ വിരൽത്തുമ്പിൽ"
SVEEP

